പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2014 — 17.12.2012 ൽ മറുപടിക്ക്

## സ്ത്രീകളെയും കുട്ടികളെയും വികലാംഗരെയും സ്റ്റേഷനുകളിലേക്ക് വിളിപ്പിക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>'' എസ്. രാജേന്ദ്രൻ<br>'' സി.കെ. സദാശിവൻ<br>ശ്രീമതി കെ.എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കേസ് അന്വേഷണത്തിന്റെ ഭാഗമായി സ്ത്രീകളെയും കുട്ടികളെയും വികലാംഗരെയും സ്റ്റേഷനുകളിലേക്ക് വിളിപ്പിക്കുന്നത് നിയമാനുസൃതമാണോ ; ഇക്കാര്യത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ; | (എ) കേസ് അന്വേഷണത്തിന്റെ ഭാഗമായി സ്ത്രീകളെയും കുട്ടികളെയും വികലാംഗരേയും സ്റ്റേഷനുകളിലേക്ക് വിളിപ്പിക്കുന്നത് നിയമാനുസൃതമല്ല. ഇവർ സ്വമേധയാ പോലീസ് സ്റ്റേഷനിൽ നേരിട്ട് ചെന്ന് പരാതികൾ നൽകുന്നതിന് നിയമപരമായ തടസ്സങ്ങളില്ല. |
| (ബി) ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ സെക്ഷൻ 160 കർശനമായി പാലിക്കണമെന്ന കാര്യത്തിൻമേൽ നിലപാട് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണമെന്ത് ; | (ബി) ഇന്ത്യൻ ശിക്ഷാനിയമത്തിലെ 160 വകുപ്പ് കർശനമായി പാലിച്ചുവരുന്നുണ്ട്. |
| (സി) സ്ത്രീകളുടെയും 15 വയസ്സിനു താഴെയുള്ള കുട്ടികളുടെയും വികലാംഗരുടെയും മൊഴി അവരുടെ താമസസ്ഥലത്ത് പോയി രേഖപ്പെടുത്തുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ; | (സി) യും (ഡി) യും നൽകിയിട്ടുണ്ട്. സ്ത്രീകളുടെയും 15 വയസ്സിനു താഴെയുള്ള കുട്ടികളുടെയും വികലാംഗരുടെയും മൊഴി അവരുടെ താമസസ്ഥലത്ത് പോയാണ് രേഖപ്പെടുത്താറുള്ളത്. ഇതിന് വിപരീതമായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകളിൽ സ്ത്രീകളെയും 15 വയസ്സിന് താഴെയുള്ള കുട്ടികളെയും വികലാംഗരെയും പോലീസ് സ്റ്റേഷനുകളിൽ വരുത്തി മൊഴി എടുക്കുകയുണ്ടായി ; ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ? | |

സെക്ഷൻ ഓഫീസർ